# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1743

06/07/2015 ൽ
മറുപടിക്ക്

## റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

**ചോദ്യം :**

**ശ്രീ. റ്റി. വി. രാജേഷ്**

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) നിലവിലുള്ള എൽ.ഡി.സി., ലാസ്റ്റ് ഗ്രേഡ് സെർവന്റ് പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെന്ന് ; റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്നവസാനിക്കും ;

(എ) നിലവിലുള്ള എൽ.ജി.എസ് റാങ്ക്‌ലിസ്റ്റ് 29.06.2012 നും എൽ.ഡി.സി റാങ്ക്‌ലിസ്റ്റ് 31.03.2015 - നുമാണ് നിലവിൽ വന്നത്. 31.03.2015 ന് നിലവിൽ വന്ന എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. എൽ.ജി.എസ്. റാങ്ക്‌ലിസ്റ്റിലെ നിയമനനില അനുബന്ധം 1 ആയി ചേർക്കുന്നു. ഒരു റാങ്ക്‌ലിസ്റ്റിന്റെ കാലാവധി ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി 3 വർഷം അല്ലെങ്കിൽ അതേ തസ്തികയ്ക്ക് പുതിയ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത് വരെയോ ആയിരിക്കും.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിലവിലുള്ള എല്ലാ റാങ്ക്‌ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിനായി അതാതു മാസം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ എൽ.ജി.എസ് നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിരുന്നു; വിശദാംശം നല്കുമോ ?

(സി) അനുബന്ധം 2 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## എൽ. ജി. എസ്. റാങ്ക് ലിസ്റ്റ് നിയമനനില

| ക്രമ നമ്പർ | ജില്ല | നിയമനനില | |
|---|---|---|---|
| 1 | തിരുവനന്തപുരം | 1762 | (27.04.15 വരെ) |
| 2 | കൊല്ലം | 1111 | (25.04.15 വരെ) |
| 3 | ആലപ്പുഴ | 572 | (04.05.15 വരെ) |
| 4 | പത്തനംതിട്ട | 563 | (16.02.15 വരെ) |
| 5 | കോട്ടയം | 698 | (04.05.15 വരെ) |
| 6 | ഇടുക്കി | 503 | (07.04.15 വരെ) |
| 7 | എറണാകുളം | 934 | (27.05.15 വരെ) |
| 8 | തൃശ്ശൂർ | 1038 | (30.04.15 വരെ) |
| 9 | പാലക്കാട് | 1198 | (07.05.15 വരെ) |
| 10 | മലപ്പുറം | 733 | (18.05.15 വരെ) |
| 11 | കോഴിക്കോട് | 989 | (27.05.15 വരെ) |
| 12 | വയനാട് | 453 | (25.04.15 വരെ) |
| 13 | കണ്ണൂർ | 646 | (05.05.15 വരെ) |
| 14 | കാസറഗോഡ് | 366 | (13.05.15 വരെ) |

S.O

അനുബന്ധം - II

| ക്രമ നമ്പർ | ജില്ല | എൽ. ജി. എസ് പഴയ ലിസ്റ്റ് | എൽ. ഡി. സി പഴയ ലിസ്റ്റ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1565 | 1629 |
| 2 | കൊല്ലം | 673 | 640 |
| 3 | ആലപ്പുഴ | 1168 | 517 |
| 4 | പത്തനംതിട്ട | 590 | 567 |
| 5 | കോട്ടയം | 1218 | 644 |
| 6 | ഇടുക്കി | 1022 | 587 |
| 7 | എറണാകുളം | 1577 | 1095 |
| 8 | തൃശ്ശൂർ | 1367 | 886 |
| 9 | പാലക്കാട് | 1006 | 737 |
| 10 | മലപ്പുറം | 1382 | 1025 |
| 11 | കോഴിക്കോട് | 1304 | 690 |
| 12 | വയനാട് | 640 | 369 |
| 13 | കണ്ണൂർ | 1261 | 610 |
| 14 | കാസറഗോഡ് | 796 | 459 |

S.O